**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എൻ. വിജയന്റെ മകൾക്ക് ക്യാൻസർ രോഗത്തിന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് 1,00,000/-രൂപ പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം. 2900/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.10.2016**

പരാമർശം :
1) 18/02/1997 ലെ സഉ(പി) നമ്പർ 45/97/ആകുവ നമ്പർ ഉത്തരവ്.
2) 02/11/2000 ലെ സഉ(പി) നമ്പർ 285/2000/ആകുവ നമ്പർ ഉത്തരവ്.
3) 20/11/2001 ലെ സഉ(പി) നമ്പർ 298/2001/ആകുവ നമ്പർ ഉത്തരവ്.
4) 24/05/2016 ലെ ശ്രീ. എൻ. വിജയന്റെ അപേക്ഷ.
5) 03.08.2016-ലെ പഞ്ചായത്ത് ഡയറക്ടറുടെ എഫ്2-22963/16 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എൻ. വിജയന്റെ മകൾക്ക് ക്യാൻസർ രോഗത്തിന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് 2,00,000/- പലിശരഹിത വായ്പ അനുവദിക്കുന്നതിന് പരാമർശം 4 പ്രകാരം അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരാമർശം 5 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എൻ. വിജയന്റെ മകൾക്ക് (റിതികയ്ക്ക്) ക്യാൻസർ രോഗത്തിന് (Lymphoblastic Leukemia) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് 1,00,000/- രൂപ (രൂപ ഒരുലക്ഷം മാത്രം) പരാമർശം ഒന്നു മുതൽ മൂന്നു വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളോടെയും ചുവടെ വിവരിക്കുന്ന വ്യവസ്ഥകളോടെയും നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തുക പിൻവലിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ സർക്കാരിൽ ഹാജരാക്കേണ്ടതും, 6 മാസത്തിനുള്ളിൽ പ്രസ്തുത തുക സെറ്റിൽ ചെയ്യേണ്ടതുമാണ്. തുക ചെലവാക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം 12% പിഴപ്പലിശ ഈടാക്കുന്നതാണ്.

(മറുപുറം...)

2) ശ്രീ. എൻ. വിജയന്റെ സേവനപുസ്തകത്തിൽ പലിശരഹിത വായ്പയുടെ തുക, നമ്പർ, സർക്കാർ ഉത്തരവ് നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, തുക പിൻവലിച്ച തീയതി മുതലായവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

3) പലിശരഹിത വായ്പാ തുക പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അറിയിക്കേണ്ടതാണ്

4) പലിശരഹിത വായ്പാ ക്യാൻസൽ ചെയ്യുകയോ, തുക പിൻവലിക്കാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

5) അനുവദിക്കുന്ന 1,00,000/- രൂപയിൽ ഉപയോഗിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്

6) പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീലേഖ. ഇ.എൻ**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ശ്രീ. എൻ. വിജയൻ, ഓഫീസ് അറ്റൻഡന്റ്, ഗ്രാമപഞ്ചായത്ത് ഓഫീസ്, നാരങ്ങാനം, പത്തനംതിട്ട - 689645
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ധനകാര്യ വകുപ്പ്(WW3/136/2016/ധന, തീയതി 22.09.2016)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(821992/G2/2016/H&FWD, തീയതി 01.09.2016)
ട്രഷറി ഓഫീസർ, സബ് ട്രഷറി,വെള്ളയമ്പലം.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. ഇ.പി.എ 3/162/16/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ